**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3391** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് മൂല്യനിർണ്ണയത്തിലടക്കം നടപ്പാക്കിയ മാറ്റങ്ങളെന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് മൂല്യനിർണയം ഉൾപ്പെടെയുള്ള അക്കാദമിക മേഖലകളിൽ, നിരവധി സുപ്രധാനമായ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, തുല്യത ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ പരിഷ്കാരങ്ങൾ.<br><br>**സബ്ജക്ട് മിനിമം പദ്ധതി**<br><br>2024 -2025 അക്കാദമിക വർഷം മുതൽ എട്ടാം ക്ലാസ്സിലും 2025 -2026 അക്കാദമിക വർഷം മുതൽ എട്ടാം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും 2026- 2027 അക്കാദമിക വർഷം മുതൽ 8, 9, 10 ക്ലാസ്സുകളിലും പൊതു പരീക്ഷയിൽ സബ്ജക്ട് മിനിമം ഏർപ്പെടുത്തുകയുണ്ടായി . ഒരു കുട്ടി എല്ലാ വിഷയങ്ങളിലും നിർബന്ധമായും നേടേണ്ട അടിസ്ഥാന അറിവും ശേഷിയും ഉറപ്പാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. മിനിമം സ്കോർ നേടാത്തവർക്ക് അധിക പഠന പിന്തുണാ ക്ലാസുകളും പുനഃപരീക്ഷകളും നൽകി നിലവാരം മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.<br><br>വികാസപ്രദ വിലയിരുത്തൽ (Formative Assessment) ശക്തിപ്പെടുത്തി. ആത്യന്തിക പരീക്ഷാ ഫലങ്ങൾക്കൊപ്പം വർഷം മുഴുവനുമുള്ള കുട്ടിയുടെ പഠനപുരോഗതി വിലയിരുത്തുന്ന രീതിക്ക് കൂടുതൽ പ്രാധാന്യം നൽകി. പാഠ്യപദ്ധതി പരിഷ്കരണം (Curriculum Reform) അക്കാദമിക നിലവാരം കാലോചിതമായി ഉയർത്തുന്നതിനായി പാഠ്യപദ്ധതിക്ക് മാറ്റങ്ങൾ വരുത്തി.<br><br>**പുതിയ പാഠപുസ്തകങ്ങൾ** |

| | | | |
|---|---|---|---|
| | | | 2024-25 അധ്യയന വർഷത്തിൽ 1, 3, 5, 7, 9 ക്ലാസുകൾക്കായി പുതിയ പാഠപുസ്തകങ്ങൾ അവതരിപ്പിച്ചു. 2025-26 ൽ മറ്റ് ക്ലാസുകളിലേക്കും തയ്യാറാക്കി. കലാ-കായിക തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി. കേരള പാഠ്യപദ്ധതി ചട്ടക്കൂട് KCF 2023-ലെ പുതിയ കാഴ്ചപ്പാടുകൾ പരിഗണിച്ച്, കേരളത്തിന്റെ തനതായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതിയെ പരിഷ്കരിച്ചു.<br><br>**<u>അധ്യാപക പരിശീലനത്തിലെ മാറ്റങ്ങൾ</u>**<br><br>പുതിയ പദ്ധതികളും പരിഷ്കാരങ്ങളും നടപ്പിലാക്കാൻ അധ്യാപകരെ സജ്ജരാക്കി. ഈ മാറ്റങ്ങളെല്ലാം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണ്. |
| (ബി) | ഈ കാലയളവിൽ ക്ലാസ് മുറികളിൽ ലഭ്യമാക്കിയിട്ടുള്ള സാങ്കേതിക സൗകര്യങ്ങളും സംവിധാനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 374274 (മൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുനൂറ്റി എഴുപത്തി നാല്) ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 4752 സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 (നാല്പത്തി അയ്യായിരം) ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. |
| (സി) | വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്തവർ, പഠനത്തിനിടയിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ എന്നിവരെ കണ്ടെത്തി പൊതുവിദ്യാലയങ്ങളിലേക്കെത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്തവർ, പഠനത്തിനിടയിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞു പോയവർ എന്നിവരെ സർവെയിലൂടെ കണ്ടെത്തി പ്രായത്തിനനുസരിച്ചുള്ള ക്ലാസുകളിൽ പ്രവേശിപ്പിക്കുകയും പ്രസ്തുത കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ മുഖേന ബ്രിഡ്ജിംഗ് ക്ലാസുകൾ നൽകുകയും ചെയ്യുന്നു. സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകളിലെ വിദ്യാഭ്യാസ വോളന്റിയർമാരുടെയും വിദഗ്ധരായ അധ്യാപകരുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു. സംസ്ഥാനത്ത് നിലവിൽ 107 സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സമഗ്ര ശിക്ഷാ കേരളം |

| | | | |
|---|---|---|---|
| | | | പദ്ധതിക്ക് 2023-24 വർഷം മുതൽ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. |
| (ഡി) | പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളെ രാജ്യത്തെ മികച്ച ഉന്നതപഠന കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ പ്രാപ്തരാക്കാൻ നടപ്പിലാക്കിയ കർമ്മപദ്ധതി വിശദമാക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളെ രാജ്യത്തെ മികച്ച ഉന്നത പഠന കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ പ്രാപ്തരാക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് സ്കഫോൾഡ്.<br>സ്കഫോൾഡ്<br>ഓരോ വർഷവും ഓരോ ജില്ലയിൽ നിന്നും Academic Score, Vulnerability Score, Interview, Written test, Group discussion എന്നിവയിലൂടെ പ്ലസ് വൺ ൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 50 കുട്ടികളെ വീതം കണ്ടെത്തി, അവർക്ക് ആത്മവിശ്വാസം നൽകി, ഉന്നത പഠന കേന്ദ്രങ്ങളിലും തുടർന്ന് കരിയറിലും എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്കഫോൾഡ്. |

സെക്ഷൻ ഓഫീസർ